File No.LSGD-DB1/138/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരളത്തിലെ വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിൽ അന്തേവാസികളായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പട്ടികയിൽ മുൻഗണന നൽകി കൊണ്ടു-ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2430/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/11/2021

---

പരാമർശം:- വനിത-ശിശു വികസന വകുപ്പ് ഡയറക്ടറുടെ 04/01/2021 തീയതിയിലെ എൻ-735-20 നമ്പർ കത്ത്.

**ഉത്തരവ്**

കേരളത്തിലെ വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിൽ അന്തേവാസികളായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും സ്വന്തമായി വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരക്കാർക്ക് മുൻഗണന നൽകുന്ന രീതിയിൽ പദ്ധതിയിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യങ്ങൾ പരിഗണിക്കണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. നിലവിൽ സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വീടും വസ്തുവും അനുവദിക്കുന്നുണ്ടെങ്കിലും ടി പദ്ധതി പ്രകാരം മേൽ അതിജീവിതകൾക്ക് കൂടി സ്കീമിന്റെ പ്രയോജനം ലഭ്യമാകുന്നില്ല. ആയത് അടിയന്തരമായി ലഭ്യമാകാത്തവിധം ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പട്ടികയിൽ ഇവർക്ക് മുൻഗണന നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്നും വനിതശിശു വികസന ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കേരളത്തിലെ വിമൻ ആന്റ് ചിൽഡ്രൻ ഹോമുകളിൽ അന്തേവാസികളായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും ലഭിക്കുന്ന വസ്തുവും വീടും പണയപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യരുതെന്ന വ്യവസ്ഥയിൽ ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പട്ടികയിൽ മുൻഗണന നൽകി കൊണ്ട് ഉത്തരവ് പുറപ്പെടിവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.
ഡയറക്ടർ, വനിതശിശുവികസന വകുപ്പ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

**File No.LSGD-DB1/138/2021-LSGD**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reen

സെക്ഷൻ ഓഫീസർ